LIBRARY ARCHIVES Kerala Legislative Assembly

എത്രയുംവേഗം കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് കോലാഹലമേട്ടിൽ തന്നെ ആ കോളേജ് പ്രവർത്തനം ആരംഭിക്കണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുന്നു. ചില നിക്ഷിപ്ത താൽപര്യങ്ങൾ വച്ച് ഈ കോളേജ് വാഗമണ്ണിൽനിന്നും മാറ്റിക്കൊണ്ടു പോകുന്നതിനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗവണ്മെന്റ് അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കോലാഹലമേട്ടിൽ 84 ഹെക്ടർ സ്ഥലം കോളേജിന്റെ ആവശ്യത്തിനായി എടുത്ത് ആദ്യം കുറച്ചു പണി തുടങ്ങിയതാണ്. ഇപ്പോൾ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിക്ക് 50 കോടി രൂപ, ...നോൺ പ്ലാനിൽ പണം ഇല്ല. കമ്മിയാണ്. പണം ഇല്ലാതെ വന്നതിന്റെ അടിസ്ഥാനത്തിൽ കോളേജ് നടത്താതിരിക്കണ്ട എന്നുവച്ച് കോളേജ് തൃശ്ശൂരിൽ തുടങ്ങി. മറ്റ് പണികൾ ചെയ്യാൻ ഇപ്പോൾ നിവൃത്തിയില്ലാത്തതുകൊണ്ട് നിർത്തി വച്ചിരിക്കുന്നു. പണം അനുവദിക്കുന്ന മുറയ്ക്ക് പണിനടത്താമോ എന്ന് പരിശോധിക്കാം.

(3) തലശ്ശേരിയിൽ ഫിഷിംഗ് ഹാർബർ നിർമ്മാണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തലശ്ശേരിയിൽ തലായ് എന്നുപറയുന്ന സ്ഥലത്ത് ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ വളരെമുമ്പേ ആരംഭിച്ചതാണ്. എല്ലാ ബഡ്ജറ്റ് പ്രസംഗങ്ങളിലും ഇത് പരാമർശിക്കാറുണ്ട്. ഈ തവണത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ എന്തോ കാരണത്താൽ തലായ് ഫിഷിംഗ് ഹാർബർ പരാമർശിക്കുകപോലും ചെയ്തില്ല. ഇത് ആ പ്രദേശത്തെ സംയുക്ത സമരസമിതി, സർവ്വകക്ഷി സമിതിയിൽ വലിയ പ്രതിഷേധം ഉണ്ടാക്കിയിരിക്കുകയാണ്. ജനങ്ങളിൽ വലിയ ഉൽക്കണ്ഠ ഉണ്ടായിരിക്കുകയാണ്. അതിന്റെ സ്ഥിതി എന്താണെന്ന് മന്ത്രി വ്യക്തമാക്കുകയും ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്യണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് തലായ്, കൊയിലാണ്ടി, തോട്ടപ്പള്ളി എന്നീ കേരളത്തിലെ മൂന്ന് മേജർ ഫിഷിംഗ് ഹാർബറുകളുടേയും പോണ്ടിച്ചേരി ഗവണ്മെന്റിന്റെ കീഴിലുള്ള മാഹിയുടേയും പദ്ധതികൾ കേന്ദ്ര സർക്കാരിന് കൊടുത്തിട്ടുണ്ട്. അതിൽ തോട്ടപ്പള്ളി അംഗീകരിച്ചിട്ടുണ്ട്. തലായ്, കൊയിലാണ്ടി എന്നിവ എത്രയുംവേഗം അനുവദിച്ചുകിട്ടുമെന്ന പ്രതീക്ഷയിലാണ്.